ഗ്രാമീണ യുവതീ യുവാക്കളുടെ തൊഴിൽപരമായ വികസനം

91 [2958] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ യുവതീ യുവാക്കളുടെ തൊഴിൽപരമായ വികസനങ്ങൾക്ക് കാർഷിക സർവ്വകലാശാല എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ പ്രവർത്തനം ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നു പറയാമോ;

(സി) ഇ സംരംഭം കൊണ്ട് എന്തെല്ലാം ഗുണങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന സ്ഥാപനങ്ങളായ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കമ്മ്യൂണിക്കേഷൻ സെന്റർ, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ (ATIC) എന്നിവ ഗ്രാമീണ യുവതീ യുവാക്കളുടെ തൊഴിൽപരമായ വികസനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്ററിന്റെ അനുബന്ധമായി നടപ്പിലാക്കിയിട്ടുള്ള അഗ്രോബയോ ടെക്നോളജി ഏജൻസി ഫോർ റൂറൽ എംപ്ലോയ്മെന്റ് ഡെവലപ്മെന്റ് (ABARD), കാർഷിക സ്ത്രീ പഠനകേന്ദ്രം നടപ്പിലാക്കുന്ന Women Empowerment Networking through Biotechnology പദ്ധതി, കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിലെ Women Self Help Group വഴി സ്വയം തൊഴിൽ കണ്ടെത്താൻ ഉതകുന്ന പദ്ധതി എന്നിവയും സർവ്വകലാശാല ഈ രംഗത്ത് ആവിഷ്കരിച്ച പദ്ധതികളാണ്.

(ബി) കേരളത്തിൽ എല്ലാ ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പുതുതായി തുടങ്ങിയ തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങളും കൊല്ലം, കോട്ടയം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങളും ഉൾപ്പെടെ ഏഴ് ജില്ലകളിലെ 'k v k'-കൾ സർവ്വകലാശാലയുടെ കീഴിലാണ്.

(സി) കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴിയുള്ള പരിശീലനം ലഭിച്ച ഭൂരിപക്ഷം യുവതീ യുവാക്കൾക്കും സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly